# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:13.08.2026**

### പ്രധാനവാർത്തകൾ

1. പാർലമെൻറിൻറെ വർഷകാല സമ്മേളനം സമാപിച്ചു. ഇരു സഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

2. 2024- 25 വർഷങ്ങളിലെ സംഗീത നാടക അക്കാദമി ഫെലോഷിപ്പുകളും പുരസ്സ്കാരങ്ങളും രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിക്കുന്നു.

3. തദ്ദേശ സ്വയം ഭരണ വകുപ്പുമായി ബന്ധപ്പെട്ട **PMAY** പദ്ധതി 'നഗരം - 2' നടപ്പാക്കാൻ ധാരണാപത്രം ഒപ്പു വയ്ക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

4. ഓപ്പറേഷൻ തൂഫാൻ ആരംഭിച്ചതിലൂടെ കേരളത്തിലെ ജനങ്ങളുടെ ജീവിതത്തിൽ സമാധാനം ഉറപ്പാക്കാൻ സാധിച്ചതായി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.

5. സംസ്ഥാനത്ത് ജനസൗഹൃദ പൊലീസ് സംവിധാനത്തിന് പുതിയ മുഖം നൽകുന്ന 'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതിക്ക് നാളെ തുടക്കം.

6. അവയവദാനത്തിൻറെ പ്രാധാന്യം സംബന്ധിച്ച് ജനങ്ങളെ ബോധവത്കരിക്കുക എന്ന ലക്ഷ്യത്തോടെ ഇന്ന് അന്താരാഷ്ട്ര അവയവദാന ദിനം.

&&&&&&&&&&&&&&&&&&&&&&

RNU TVPM

## പാർലമെൻറ്

പാർലമെൻറിൻറെ വർഷകാല സമ്മേളനം സമാപിച്ചു. ഇരു സഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. കഴിഞ്ഞ മാസം 20ന് ആരംഭിച്ച സമ്മേളനം 25 ദിവസങ്ങളിലായി 19 ദിവസമാണ് ചേർന്നത്. പൊതു പരീക്ഷ ഭേദഗതി ബിൽ, വന്ദേമാതരത്തിന് ദേശീയ ഗാനമായ 'ജന ഗണ മന'യ്ക്ക് തുല്യമായ നിയമ സംരക്ഷണം വ്യവസ്ഥ ചെയ്യുന്ന ഭേദഗതി ബിൽ, കേരള പുനർനാമകരണ ബിൽ ഉൾപ്പെടെയുള്ളവ ഈ സമ്മേളന കാലയളവിൽ പാസായി. അതേസമയം നീറ്റ്, അയോദ്ധ്യാ വിഷയങ്ങളിൽ പാർലമെൻറ് പ്രക്ഷുബ്ധമായിരുന്നു. ഖനികളും ധാതുക്കളും ഭേദഗതി ബിൽ 2026 പാർലമെന്റ് ഇന്ന് പാസാക്കി. ലോക്സഭ ബിൽ നേരത്തെ പാസാക്കിയിരുന്നു.

&&&&&&&&&&&&&&&&&&&&&&

## രാഷ്ട്രപതി

2024- 25 വർഷങ്ങളിലെ സംഗീത നാടക അക്കാദമി ഫെലോഷിപ്പുകളും പുരസ്കാരങ്ങളും രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിക്കുന്നു. 115 പേർക്കാണ് പുരസ്കാരം. സംഗീതം, നൃത്തം, നാടകം, നാടോടി, ഗോത്ര കലകൾ, പാവക്കൂത്ത് തുടങ്ങിയ കലകളിലെ മികച്ച സംഭാവനകൾക്കാണ് അംഗീകാരം.

&&&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - വിഴിഞ്ഞം (ഇൻട്രോ)

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തുനിന്നുള്ള കയറ്റുമതി - ഇറക്കുമതി ചരക്കു നീക്കത്തിന് ഈ മാസം 18 ന് തുടക്കം കുറിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു. തുറമുഖത്തിൻറെ നേരിട്ടുള്ള ഗുണഫലം നാടിന് ലഭ്യമാക്കുന്ന ആദ്യത്തെ പ്രധാന ചുവടുവയ്പ്പാണ് 'എക്സിം' ചരക്കു നീക്കമെന്ന് മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

PIU TVPM

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - നഗരം - 2

തദ്ദേശ സ്വയം ഭരണ വകുപ്പുമായി ബന്ധപ്പെട്ട PMAY പദ്ധതി 'നഗരം - 2' നടപ്പാക്കാൻ ധാരണാപത്രം ഒപ്പു വയ്ക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2025-26 സാമ്പത്തിക വർഷത്തെ ബോണസ് നൽകാനുള്ള മാർഗനിർദ്ദേശം മന്ത്രിസഭായോഗം പുറപ്പെടുവിച്ചു. മുണ്ടക്കൈ ചൂരൽമല ദുരിത ബാധിതർക്ക് 2 ലക്ഷം രൂപ അധികമായി നൽകാനും തീരുമാനിച്ചു. മെസ്സി വരുന്നതുമായി ബന്ധപ്പെട്ട സംഭവത്തിൻറെ അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണെന്നും പരിശോധിച്ചു നടപടി എടുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

RNU TVPM

## രമേശ് ചെന്നിത്തല

ഓപ്പറേഷൻ തൂഫാനിൽ രാഷ്ട്രീയം കലർത്തിയിട്ടില്ലെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. കേരളത്തെ മയക്കുമരുന്നിൽ നിന്നും രക്ഷിക്കാനുള്ള പദ്ധതിയാണ് ഓപ്പറേഷൻ തൂഫാനെന്നും പദ്ധതി നടപ്പാക്കിയതിലൂടെ കേരളത്തിലെ ജനങ്ങൾക്ക് സമാധാനമുണ്ടെന്നും അദ്ദേഹം പറഞ്ഞു. മയക്കുമരുന്ന് കേസിൽ പിടിക്കപ്പെടുന്നവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്നും ആരെയും രക്ഷപ്പെടാൻ അനുവദിക്കില്ലെന്നും ആഭ്യന്തരമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## ബാൻഡ് ടീം - തിരുവനന്തപുരം

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം ദക്ഷിണ വ്യോമസേനയുടെ ബാൻഡ് ടീം അവതരിപ്പിക്കുന്ന സംഗീത വിരുന്ന് ഇന്ന് നിശാഗന്ധി

ഓഡിറ്റോറിയത്തിൽ നടക്കും. കണ്ണൂർ ഏഴിമല നാവിക അക്കാദമിയിലെ നേവി ബാൻഡിൻറെ പ്രത്യേക സംഗീത പരിപാടിയും ഇന്ന് ഉണ്ടാകും.

&&&&&&&&&&&&&&&&&&&&&&

## ഹർ ഘർ തിരംഗ

സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായുള്ള ഹർ ഘർ തിരംഗ കാമ്പെയ്നിൻറെ ഭാഗമായി സംസ്ഥാനത്തും വിപുലമായ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. ഇന്ന് വൈകീട്ട് എറണാകുളം രാജേന്ദ്ര മൈതാനിയിൽ നിന്നും ആരംഭിക്കുന്ന തിരംഗ യാത്ര കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&&&

## ഇന്ത്യ- യുഎസ് - നാവികസേന

ഇന്ത്യ-യുഎസ് നാവികസേനകൾ സംയുക്തമായി സംഘടിപ്പിക്കുന്ന സ്ഫോടകവസ്തു നിർവീര്യമാക്കൽ അഭ്യാസപ്രകടനം നാളെ സമാപിക്കും. ദക്ഷിണ നാവിക കമാൻഡിലാണ് പ്രകടനങ്ങൾ നടക്കുന്നത്. ക്രോസ്-ട്രെയിനിംഗ്, ഉപകരണങ്ങളുടെ പ്രദർശനം, വിഷയ വിദഗ്ദ്ധ കൈമാറ്റങ്ങൾ, സാഹചര്യങ്ങളെ അടിസ്ഥാനമാക്കി പ്രായോഗിക പരിശീലനങ്ങൾ എന്നിവ പരിപാടിയുടെ ഭാഗമായി നടക്കുന്നുണ്ട്.

RNUTVPM

&&&&&&&&&&&&&&&&&&&&&&

## മൈ പോലീസ് സ്റ്റേഷൻ പദ്ധതി

സംസ്ഥാനത്ത് ജനസൗഹൃദ പൊലീസ് സംവിധാനത്തിന് പുതിയ മുഖം നൽകുന്ന 'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതിക്ക് നാളെ തുടക്കമാകും. പദ്ധതിയുടെ സംസ്ഥാനതല പരിപാടി രാവിലെ പേരൂർക്കട പൊലീസ് സ്റ്റേഷനിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രി രമേശ് ചെന്നിത്തല അധ്യക്ഷനാകും. 'മൈ പൊലീസ് സ്റ്റേഷൻ" ലോഗോയുടെ പ്രകാശനവും മുഖ്യമന്ത്രി

നിർവഹിക്കും. പരാതിക്കാർക്ക് ആത്മവിശ്വാസത്തോടെ കടന്നുചെല്ലാൻ കഴിയുന്ന സേവനകേന്ദ്രങ്ങളാക്കി പൊലീസ് സ്റ്റേഷനുകളെ മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## രാജീവ് ചന്ദ്രശേഖർ

ക്രിമിനൽ പശ്ചാത്തലമുള്ളവരും ഗുരുതരമായ ആരോപണങ്ങൾ നേരിടുന്നവരും മാധ്യമ സ്ഥാപനങ്ങളുടെ ഉടമസ്ഥത സ്ഥാനത്തേക്ക് കടന്നുവരുന്നത് ജനാധിപത്യത്തിന് ഭീഷണിയെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. മെസ്സിയുടെ പേരിൽ സാമ്പത്തിക ക്രമക്കേട് കാണിച്ചവരെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&

## പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലയിൽ സപ്ലൈകോ ഒന്നാം വിള രജിസ്ട്രേഷൻ നടപടികൾ ശനിയാഴ്ച തുടങ്ങും. നാളെ മുതൽ ജില്ലയിൽ നെൽ വിത്ത് സംഭരണവും പുനരാരംഭിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

(വോയ്സ്)

&&&&&&&&&&&&&&&&&&&&&&

## ലോക അവയവദാന ദിനം

ഇന്ന് അന്താരാഷ്ട്ര അവയവദാന ദിനം. അവയവദാനത്തിൻറെ പ്രാധാന്യം സംബന്ധിച്ച് ജനങ്ങളെ ബോധവത്ക്കരിക്കാനാണ് ഈ ദിനം ലക്ഷ്യമിടുന്നത്. ലോകത്തിലെ ആദ്യത്തെ വിജയകരമായ അവയവം മാറ്റിവയ്ക്കൽ നടന്നത് 1954ലാണ്.

&&&&&&&&&&&&&&&&&&&&&&

RNU TVPM

## ഇടുക്കി - മൂന്നാർ (ഇൻട്രോ)

മഞ്ഞുമൂടിയ മൂന്നാറിൻറെ മലനിരകൾക്ക് വീണ്ടും നീലനിറത്തിൻറെ വസന്തം. മൂന്നാറിൻറെ പ്രകൃതിഭംഗിക്ക് കൂടുതൽ നിറം പകരുന്നതാണ് ഈ കാഴ്ച.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയ്സ്)

&&&&&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞജാഗ്രത പ്രഖ്യാപിച്ചു. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിലെ തീര പ്രദേശങ്ങളിൽ ഇന്ന് ഉച്ചക്ക് ശേഷം 2.30 വരെ കടലാക്രമണത്തിന് സാധ്യത. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

RNUTVPM

&&&&&&&&&&&&&&&&&&&&&&

## സിബിസി

സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സംയോജിത ബോധവൽക്കരണ പരിപാടി തിരുവനന്തപുരം നഗരസഭ ഡെപ്യൂട്ടി മേയർ ആശാ നാഥ് ജി.എസ് ഉദ്ഘാടനം ചെയ്യു. കേന്ദ്ര പദ്ധതികളെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

## സപ്ലൈകോ - ഓണം

സപ്ലൈകോയുടെ തിരുവനന്തപുരം ജില്ല ഓണം മെഗാ ട്രേഡ് ഫെയറിന്റെ ഉദ്ഘാടനം കിഴക്കേകോട്ട ഇ കെ നായനാർ പാർക്കിൽ ഇന്ന് ഭക്ഷ്യ മന്ത്രി അനൂപ് ജേക്കബ് നിർവഹിക്കും. ഈ മാസം 25 വരെയാണ് ട്രേഡ് ഫെയർ.

&&&&&&&&&&&&&&&&&&&&&&

## പ്ലസ് വൺ - സ്പോട്ട് അഡ്മിഷൻ

ഈ വർഷത്തെ പ്ലസ് വൺ പ്രവേശനത്തിന്റെ അവസാന ഘട്ടമായ സ്പോട്ട് അഡ്മിഷന് വൈകിട്ട് 4 വരെ അപേക്ഷിക്കാം. നിലവിലെ സീറ്റ് ഒഴിവ് പ്രവേശന വെബ്സൈറ്റിൽ ഇന്നലെ പ്രസിദ്ധീകരിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&

## ഓഹരി, സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തോടെ വ്യാപാരം ആരംഭിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 83 പോയിൻറ് ഇടിഞ്ഞ് 77,876 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 63 പോയിൻറ് താഴ്ന്ന് 24, 372 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവിലയിൽ വർദ്ധന. പവന് 200 രൂപ ഉയർന്ന് ഒരു ലക്ഷത്തി 13,760 രൂപയും ഗ്രാമിന് 14,220 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&

## സുനാമി മോക്ഡ്രിൽ

സുനാമി പ്രതിരോധ തയ്യാറെടുപ്പിന്റെ ഭാഗമായി കണ്ണൂർ അഴീക്കോട് ചാൽ ബീച്ചിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ സുനാമി മോക്ഡ്രിൽ ആരംഭിച്ചു . രാവിലെ പ്രദേശവാസികൾക്ക് സുനാമി മുന്നറിയിപ്പ് നൽകുകയും സൈറൺ മുഴങ്ങുകയും ചെയ്തു . ജില്ലയിൽ നിന്ന്

RNU TVPM

താലൂക്കിലേക്കും അവിടെ നിന്നും ഗ്രാമപഞ്ചായത്തിലേക്കുമാണ് മുന്നറിയിപ്പ് വിവരങ്ങൾ കൈമാറുക. തുടർന്ന് 50 ഓളം പേരെ വീടുകളിൽ നിന്നും ഒഴിപ്പിക്കും. രണ്ട് വർഷത്തിലൊരിക്കൽ നടക്കുന്ന സുനാമി മോക് ഡ്രില്ലിൽ സുനാമിയെ നേരിടാൻ എത്രമാത്രം മുന്നൊരുക്കം നടത്തിയിട്ടുണ്ട് എന്നതാണ് പരിശോധിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

## കോമൺ വെൽത്ത് - ഫെൻസിംഗ്

നൈജീരിയയിൽ നടക്കുന്ന കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യ മുന്നേറ്റം തുടരുന്നു. വിവിധ ഇനങ്ങളിലായി മൂന്ന് സ്വർണ്ണവും ഒരു വെള്ളിയും ഒരു വെങ്കലവും ഇന്ത്യ സ്വന്തമാക്കി. ഇതോടെ 8 സ്വർണ്ണവും 7 വെള്ളിയും 14 വെങ്കലവും ഉൾപ്പെടെ ഇന്ത്യയുടെ ആകെ മെഡൽ നേട്ടം 29 ആയി.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&

RNU TVPM